സിപി(2)11865/2022

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 08-08-2024.

# സർക്കുലർ നമ്പർ : 19/2024
# പ്രതിമാസ സമ്പാദ്യ പദ്ധതി (MSS)

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘങ്ങൾ പ്രതിമാസ നിക്ഷേപ പദ്ധതികൾ നടത്തുന്നതും, ഏകീകൃത രീതിയിൽ കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനുമുള്ള നിർദേശം - സംബന്ധിച്ച്.

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 14-08-2012 ലെ 36/12 നമ്പർ സർക്കുലർ.
2. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേടുകൾ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്.
3. സഹകരണ ആഡിറ്റ് ഡയറക്ടറുടെ 06-05-2023 ലെ എ.ഡി.(3) 1365/2023 നമ്പർ കത്ത്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നിലവിൽ എംഡിഎസ്/ ജിഡിസിഎസ്/ ജിഡിഎസ് മുതലായ പേരുകളിൽ നടത്തി വരുന്ന ഇടപാടുകൾ എഴുതി സൂക്ഷിക്കുന്നതിൽ ഏകീകൃത സ്വഭാവം പിന്തുടർന്ന് കാണുന്നില്ലായെന്നും, ടി ഇടപാടുകൾ എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ കാരണം ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുകളിലെ ബാക്കിപത്രങ്ങളിൽ യഥാർത്ഥ കണക്കുകൾ പലപ്പോഴും ലഭ്യമാകുന്നില്ല എന്നും, ചില സംഘങ്ങൾ ടി ഇടപാടുകളിന്മേൽ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന തുകകൾ സംഘത്തിൽ നിന്നും നൽകാനുള്ള കണക്കുകളിൽ ഉൾപ്പെടുത്തിയും, ടി ഇടപാടുകളിന്മേൽ അംഗങ്ങൾക്ക് നൽകിയ തുകകൾ സംഘത്തിന് ലഭിക്കാനുള്ള കണക്കിൽ ഉൾപ്പെടുത്തിയുമാണ് ബാക്കിപത്രത്തിൽ രേഖപ്പെടുത്തി വരുന്നതെന്നും, ഇപ്രകാരം കണക്കുകൾ തെറ്റായി ബാക്കിപത്രത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് മൂലം സംഘങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി ബാക്കിപത്രത്തിലൂടെ വെളിവാക്കുന്നതല്ലെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എംഡിഎസ്/ ജിഡിസിഎസ്/ ജിഡിഎസ് മുതലായ പേരുകളിൽ ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ പിന്തുടരേണ്ട ഏകീകൃത വ്യവസ്ഥകൾ, കണക്കെഴുത്ത് രീതി, ബാക്കിപത്രത്തിൽ പ്രസ്തുത ഇടപാടിലെ ബാക്കിനില്പ് രേഖപ്പെടുത്തേണ്ട രീതി എന്നിവയിൽ വ്യക്തത വരുത്തിക്കൊണ്ടും, സൂചന (1) സർക്കുലർ വ്യവസ്ഥകൾ പ്രതിമാസ നിക്ഷേപ പദ്ധതി ഇടപാടുകൾ നടത്തുന്ന സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാധകമാക്കി കൊണ്ടും ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിൽ **MDS/GDS/GDCS** മുതലായ പല പേരുകളിൽ വിവിധ സംഘങ്ങൾ/ബാങ്കുകൾ നടപ്പിലാക്കി വരുന്ന എല്ലാ നിക്ഷേപ പദ്ധതികളും **പ്രതിമാസ സമ്പാദ്യ പദ്ധതി (Monthly Savings Scheme-MSS)** എന്ന പേരിൽ മാത്രം നടപ്പിലാക്കേണ്ടതാണ്. ടി പദ്ധതി നിക്ഷേപ പദ്ധതി മാത്രമാണ്. ആയത് ചിട്ടിയ്ക്ക് സമാനമായ രീതിയിൽ ഉള്ള പദ്ധതിയാണെന്നുള്ള പരസ്യങ്ങൾ നൽകാനോ ചിട്ടിയുമായി ബന്ധപ്പെട്ട പദങ്ങൾ ഉപയോഗിക്കാനോ പാടില്ലാത്തതുമാണ്.
2. **MSS** ഇടപാടുകൾ നടപ്പിലാക്കുവാൻ സംഘം/ബാങ്കിന്റെ നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്.
3. സംഘങ്ങൾ/ബാങ്കുകൾ **MSS** നടപ്പിലാക്കുന്നതിന് മുൻപായി ചുവടെ പറയുന്ന പൊതു വ്യവസ്ഥകൾ ഉൾപ്പെടുത്തി മാതൃക ഉപനിബന്ധനകൾ തയ്യാറാക്കി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അംഗീകാരം വാങ്ങേണ്ടതാണ്.
4. ഒരു സഹകരണ സംഘത്തിന്റെ/ബാങ്കിന്റെ ആസ്തിയിൽ മൂലധന ശോഷണം ഉണ്ടാവുകയില്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ **MSS** ഉപനിബന്ധനകൾക്ക് അംഗീകാരം നൽകാൻ പാടുള്ളൂ.
5. സംഘം/ബാങ്ക് നടപ്പിലാക്കി വന്നിരുന്നതും കാലാവധി അവസാനിച്ചതുമായ **MSS** പദ്ധതികളിലെയും, നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിലെയും കുടിശിക നിലവാരം കൂടി വിലയിരുത്തിയതിന് ശേഷം മാത്രമേ പുതിയ **MSS** പദ്ധതികൾക്ക് അനുമതി നൽകാൻ പാടുള്ളൂ.
6. ഓരോ പദ്ധതിയിലും സംഘം/ബാങ്കിന് ലഭിക്കുന്ന ആകെ വരുമാനത്തിൽ നിന്നും സർക്കാരിലേക്ക് നിശ്ചിത ഫീസ് ഒടുക്കി മുൻകൂർ അനുമതി വാങ്ങാതെ **MSS** ഇടപാടുകൾ ആരംഭിക്കുന്ന സംഘം/ബാങ്ക് സെക്രട്ടറിമാർക്കെതിരെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടപടി സ്വീകരിക്കേണ്ടതാണ്.
7. സൂചന (1) സർക്കുലർ പ്രകാരം പരമാവധി തുക 10 ലക്ഷം രൂപ വരെയുള്ള നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ സംഘം/ബാങ്കിന്റെ പ്രവർത്തന മൂലധനം, സാമ്പത്തിക സ്ഥിതി എന്നിവ പരിശോധിച്ച് **25** ലക്ഷംരൂപ വരെയുള്ള നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ ഒരേ സമയം ഒരു സംഘത്തിൽ/ബാങ്കിൽ നടപ്പിലാക്കാവുന്ന പരമാവധി **MSS**

പദ്ധതികളുടെ ആകെ തുക ടി സംഘം/ബാങ്കിന്റെ പ്രവർത്തന മൂലധനത്തിന്റെ 50 ശതമാനത്തിൽ അധികരിക്കുവാൻ പാടില്ല.

8. **MSS** ഇടപാടുകൾ നടത്തുന്ന സംഘം/ബാങ്കുകൾ 3 കോളങ്ങളുള്ള (ക്യാഷ് കോളം, അഡ്ജസ്റ്റ്മെന്റ് കോളം, ടോട്ടൽ കോളം) നാൾവഴിയും, ആവശ്യമെങ്കിൽ 3 കോളങ്ങളുള്ള **MSS** ഉപനാൾവഴിയും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**പ്രതിമാസ സമ്പാദ്യ പദ്ധതി (MSS) ഉപനിബന്ധനയിൽ ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകൾ കർശനമായും ഉൾപ്പെടുത്തേണ്ടതാണ്.**

A. ഓരോ **പ്രതിമാസ സമ്പാദ്യ പദ്ധതി**-യുടെയും ആകെ തുക, ആകെ തവണകൾ, ആരംഭിക്കുന്ന തീയതി, അവസാനിക്കുന്ന തീയതി മുതലായ വിവരങ്ങൾ

B. **പ്രതിമാസ സമ്പാദ്യ പദ്ധതി** -യിൽ ചേരുന്ന വ്യക്തികൾ നാമമാത്ര അംഗത്വമെങ്കിലും എടുക്കണം എന്ന് വ്യവസ്ഥ ചെയ്യണം.

C. ഓരോ പദ്ധതിയിലും ഒന്നാമത്തെ അംഗം ബാങ്ക്/സംഘം ആയിരിക്കണം.

D. ആദ്യ തവണ തുക പദ്ധതിയിലെ എല്ലാ അംഗങ്ങളും ടി പദ്ധതി ആരംഭിക്കുന്ന തീയതിയിലോ, അതിന് മുമ്പോ സംഘത്തിൽ ഒടുക്കിയിരിക്കേണ്ടതാണ്.

E. ഒരു **MSS** പദ്ധതിയിൽ സംഘം/ബാങ്ക് ഒന്നിൽ കൂടുതൽ അംഗം ആകുവാൻ പാടില്ലാത്തതാണ്.

F. ഒരു **MSS** പദ്ധതിയുടെ കാലാവധി 20 മുതൽ 100 മാസ തവണകൾ വരെയായി നിജപ്പെടുത്തേണ്ടതാണ്.

G. ഒരു **MSS** പദ്ധതിയിൽ ഒരു വ്യക്തിക്ക് ചേരാവുന്ന പരമാവധി എണ്ണം ടി പദ്ധതിയുടെ ആകെ തവണകളുടെ 10% അല്ലെങ്കിൽ 5 എണ്ണം ഇതിൽ ഏതാണോ കുറവ് അപ്രകാരം നിജപ്പെടുത്തേണ്ടതാണ്.

H. രണ്ടാമത് തവണത്തേക്കുള്ള ലേലം/നറുക്ക് ഒന്നാം തവണ തീയതിയിൽ (പദ്ധതി ആരംഭിക്കുന്ന തീയതിയിൽ) നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യണം.

I. **MSS** പദ്ധതി തുക കൈപറ്റാത്ത/പിടിക്കാത്ത, കുടിശിക ഇല്ലാത്ത അംഗങ്ങൾക്ക് മാത്രം നറുക്ക്/ലേലത്തിൽ പങ്കെടുക്കാമെന്ന് വ്യവസ്ഥ ചെയ്യണം.

J. പരമാവധി 30 ശതമാനത്തിൽ അധികരിച്ച് നറുക്ക്/ലേലത്തിൽ കുറവ് അനുവദിക്കാവുന്നതല്ല. (ബാങ്ക് കമ്മീഷൻ ഉൾപ്പെടെ).

K. നറുക്ക്/ലേലത്തിൽ കുറവ് വരുന്ന തുകയിൽ സംഘം/ബാങ്ക് കമ്മീഷൻ കഴിഞ്ഞുള്ള തുക ബോണസ് ആയി ടി പദ്ധതിയിലെ അംഗങ്ങൾക്ക് തുല്യമായി വീതിച്ച് നൽകേണ്ടതാണ്.

L. MSS പദ്ധതിയുടെ ലേല സമയത്ത് ഒന്നിൽ കൂടുതൽ അംഗങ്ങൾ 30 ശതമാനം വരെ ലേലം വിളിക്കുവാനുണ്ടെങ്കിൽ അവർക്കിടയിൽ നിന്ന് മാത്രം നറുക്കിട്ട് തുക അനുവദിക്കേണ്ട അംഗത്തെ നിശ്ചയിക്കേണ്ടതാണ്.

M. നറുക്ക്/ലേലത്തിൽ അധികാരപത്രം അനുവദനീയമായിരിക്കും എന്ന് വ്യവസ്ഥ ചെയ്യണം.

N. നറുക്ക്/ലേല തീയതി മുതൽ 30 ദിവസം കഴിഞ്ഞ് മാത്രം നിക്ഷേപ തുക അനുവദിക്കുക.

O. MSS പദ്ധതിയിലെ നിക്ഷേപകർക്ക് തുക അനുവദിക്കുമ്പോൾ ബാക്കിനിൽപ്പുള്ള ബാദ്ധ്യത അടിസ്ഥാനമാക്കി സഹകരണ സംഘം രജിസ്ട്രാറുടെ 49/2011 നമ്പർ സർക്കുലർ നിർദ്ദേശം അനുസരിച്ചുള്ള ജാമ്യ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ടി സർക്കുലറിൽ മാറ്റം വരുത്തിയാൽ ആയത് MSS പദ്ധതികൾക്കും ബാധകമാകുന്നതാണ്.

P. MSS പദ്ധതി തുക കൈപ്പറ്റാത്ത നിക്ഷേപകൻ തവണ സംഖ്യ കുടിശ്ശിക വരുത്തിയാൽ ആയതിന് സാധാരണ വായ്പയുടെ പലിശ ഈടാക്കേണ്ടതാണ്. എന്നാൽ ടിയാന് ബോണസ് നഷ്ടമാവുകയില്ല.

Q. പദ്ധതി തുക കൈപ്പറ്റിയ നിക്ഷേപകൻ തവണ തുക മുടക്കം വരുത്തിയാൽ ടിയാന് ബോണസ് നഷ്ടപ്പെടുന്നതും, മുടക്കം വരുത്തിയ തവണ തുകയ്ക്ക് സാധാരണ വായ്പയുടെ പലിശ ഈടാക്കേണ്ടതുമാണ്.

R. പദ്ധതി തുക കൈപ്പറ്റാത്ത നിക്ഷേപകൻ തുടർച്ചയായി തവണകൾ കുടിശ്ശിക വരുത്തിയാൽ ടി നിക്ഷേപകനെ പദ്ധതിയിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

S. MSS പദ്ധതിയിൽ നിന്നും നീക്കം ചെയ്യുന്ന നിക്ഷേപകന് പകരം പുതിയ ആളെ ചേർക്കുകയാണെങ്കിൽ, ടിയാൻ കുടിശ്ശിക തുക ഒരുമിച്ച് അടയ്ക്കേണ്ടതും, നീക്കം ചെയ്ത നിക്ഷേപകന് ടിയാൾ ഒടുക്കിയ തുക മാത്രം (ബോണസ് തുക ഒഴികെ) ഉടൻ നൽകാവുന്നതുമാണ്.

T. MSS പദ്ധതി തുക കൈപ്പറ്റാത്തതും, തുടർച്ചയായി തവണ തുക മുടക്കം വരുത്തുകയും, പകരം പുതിയ ആളെ ചേർക്കാത്തതുമായ നിക്ഷേപകർക്ക് ടി നിക്ഷേപ പദ്ധതിയുടെ കാലാവധി അവസാനിച്ച ശേഷം ടിയാൾ ഒടുക്കിയ തുക മാത്രം (ബോണസ് തുക ഒഴികെ) മടക്കി നൽകേണ്ടതാണ്.

U. ലേലം/നറുക്ക് മുഖേന തുക പിടിക്കുന്ന നിക്ഷേപകൻ 30 ദിവസത്തിനു ശേഷം മതിയായ ജാമ്യം സംഘത്തിൽ/ബാങ്കിൽ നൽകി തുക കൈപ്പറ്റേണ്ടതാണ്. തുക കൈപ്പറ്റാത്ത പക്ഷം തൊട്ടടുത്ത ദിവസം തന്നെ ടിയാന്റെ പേരിൽ സസ്പെൻസ് അക്കൗണ്ടിലേക്ക് പ്രസ്തുത തുക മാറ്റേണ്ടതാണ്. തുടർന്നുള്ള തവണകൾ ടിയാൻ മുടക്കം വരുത്തുന്ന പക്ഷം പ്രസ്തുത സസ്പെൻസ് അക്കൗണ്ടിൽ നിന്നും MSS നിക്ഷേപ പദ്ധതിയിലേക്ക് തവണ തുക മാറ്റുന്നതിന് സംഘത്തിന്/ബാങ്കിന് അധികാരമുണ്ടായിരിക്കുമെന്നും, മതിയായ ജാമ്യം ഹാജരാക്കുന്ന പക്ഷം സസ്പെൻസ് അക്കൗണ്ടിലെ ബാക്കി തുക ടി നിക്ഷേപകന് കൈപ്പറ്റാവുന്നതാണെന്നും വ്യവസ്ഥ ചെയ്യണം. ഇത്തരത്തിൽ MSS തുക പിടിച്ച നിക്ഷേപകൻ തുക കൈപ്പറ്റാതിരിക്കുന്നതിലൂടെ

സംഘത്തിന്/ബാങ്കിന് ഉണ്ടാകുന്ന സകല നഷ്ടത്തിനും ടി നിക്ഷേപകൻ ബാദ്ധ്യസ്ഥനായിരിക്കുമെന്നും വ്യവസ്ഥ ചെയ്യണം.

V. MSS പദ്ധതി തുക കൈപ്പറ്റിയ നിക്ഷേപകൻ തുടർച്ചയായി തവണ തുക മുടക്കം വരുത്തിയാൽ നിയമാനുസരണ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യണം

W. ഒരു പദ്ധതിയില് ഓരോ മാസവും ഓരോ നിക്ഷേപകന് മാത്രമേ പദ്ധതി തുക അനുവദിക്കാവൂ.

X. MSS പദ്ധതിയ്ക്ക് ഓഹരി അനുപാതം ബാധകമായിരിക്കില്ല എന്ന് വ്യവസ്ഥ ചെയ്യണം.

## പ്രതിമാസ സമ്പാദ്യ പദ്ധതി(MSS)സംബന്ധമായ പ്രധാന ഇടപാടുകൾ രേഖപ്പെടുത്തുന്ന വിധം ചുവടെ ചേർക്കുന്നു.

എ) എം.എസ്.എസ് അഡ്വാൻസ് തുക സ്വീകരിക്കുമ്പോൾ നാൾവഴിയിലെ/എം.എസ്.എസ് ഉപനാൾവഴിയിലെ രേഖപ്പെടുത്തൽ

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| MSS അഡ്വാൻസ് (Due by) (സംഘത്തിൽ നിന്നും നൽകാനുള്ള ഇനം) | xxx | | xxx | | | | |
| ആകെ | xxx | | xxx | | | | |

ബി) എം.എസ്.എസ് (MSS)ആദ്യതവണ തുക സ്വീകരിക്കുമ്പോൾ

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| MSS തവണ വരവ് (ബാങ്കിന്റെ തവണ അടയ്ക്കുന്നത് ഉൾപ്പെടെ) | | xxx | xxx | MSS അഡ്വാൻസ് (സംഘത്തിൽ നിന്നും നൽകാനുള്ളത് -Due by) ബാങ്ക് സംഘം MSS (Due by) | | xxx | xxx |
| ആകെ | | xxx | xxx | | | xxx | xxx |

സി) ആദ്യ തവണ എം.എസ്.എസ് അനുവദിക്കുമ്പോൾ (ആദ്യത്തേത് ബാങ്കിനാണ് അനുവദിക്കേണ്ടത്)

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| ബാങ്ക്/ സംഘം MSS (Due by) | | xxx | xxx | MSS തുക നൽകിയത് | | xxx | xxx |
| ആകെ | xxx | | xxx | | | xxx | xxx |

ഡി) രണ്ടാമത്തേത് ഉൾപ്പെടെയുള്ള തുടർ തവണകൾ സ്വീകരിക്കുമ്പോൾ

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| MSS വരവ് (ബാങ്കിന്റെ തവണ ഉൾപ്പെടെ) | xxx | xxx | xxx | ബാങ്ക് /സംഘം MSS (Due by) | | xxx | xxx |
| MSS ബാങ്ക്/ സംഘം ബോണസ് (പലവക വരുമാനം) | | xxx | xxx | MSS ബോണസ് (Due by) | | xxx | xxx |
| ആകെ | xxx | xxx | xxx | | | xxx | xxx |

ഇ) രണ്ടാമത്തേത് ഉൾപ്പെടെയുള്ള തുടർ തവണകൾ (MSS തുക) നൽകുമ്പോൾ

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| MSS ബോണസ് (Due by) | | xxx | xxx | MSS അനുവദിച്ചത് (അഡ്ജസ്റ്റ്മെന്റ് കോളത്തിൽ ബോണസും കമ്മീഷനും ചേർന്ന വരും) | xxx | xxx | xxx |
| MSS കമ്മീഷൻ (പലവക വരുമാനം) | | xxx | xxx | | | | |
| ആകെ | | xxx | xxx | | xxx | xxx | xxx |

**എഫ്) MSS തുക ലഭിച്ചയാൾ തവണ കുടിശ്ശിക വരുത്തുകയും അതുവഴി MSS ബോണസ് ടിയാന് നഷ്ടമാവുകയും ചെയ്യുമ്പോൾ ആയത് ബാങ്കിന്റെ/സംഘത്തിന്റെ പലവക വരുമാനമായി നാൾവഴിയിൽ രേഖപ്പെടുത്തുന്ന വിധം**

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| MSS തവണ അടച്ചത് | xxx | | xxx | MSS ബോണസ് (യഥാർത്ഥ അംഗത്തിന്റെ പേരിൽ) | | xxx | xxx |
| MSS ബോണസ് തിരികെ ഈടാക്കിയത് (പലവക വരുമാനം) | | xxx | xxx | Due by | | | |
| **ആകെ** | xxx | xxx | xxx | | | xxx | xxx |

**ജി) MSS തുക കൈപ്പറ്റാത്ത (Non-prized subscriber) അംഗത്തിന് ടിയാൻ ഒടുക്കിയ തുക തിരികെ നൽകുമ്പോൾ**

| വരവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ | ചെലവ് | ക്യാഷ് | അഡ്ജസ്റ്റ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|
| | | | | MSS ഒടുക്കു തുക തിരികെ | xxx | | xxx |
| MSS ബോണസ് തിരികെ (പലവക വരുമാനം) | | xxx | xxx | MSS ബോണസ് (യഥാർത്ഥ അംഗത്തിന്റെ പേരിൽ) | | xxx | xxx |
| | | | | Due by | | | |
| **ആകെ** | | xxx | xxx | | xxx | xxx | xxx |

മേൽ പരാമർശിക്കുന്ന പ്രകാരമാണ് സംഘങ്ങൾ/ബാങ്കുകൾ **MSS** കണക്കുകൾ എഴുതി സൂക്ഷിക്കുന്നതെന്നും, **MSS** ഇടപാടിലെ ബാക്കിനിൽപ്പ് തുക മാത്രമാണ് ബാക്കിപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഉറപ്പ് വരുത്തി മാത്രമേ സംഘങ്ങളുടെ ആഡിറ്റ് പൂർത്തീകരിക്കാൻ പാടുള്ളൂ. കാലാവധി പൂർത്തിയായ **പ്രതിമാസ സമ്പാദ്യ പദ്ധതി (MSS)** കളിൽ

ലഭിക്കാനുള്ള തുകകൾക്ക് ആഡിറ്റിൽ കാലപരിധി കണക്കാക്കാതെ 100% കരുതൽ വയ്ക്കേണ്ടതും, ഇതര **MSS** കളിലെ കിട്ടാക്കടം, സംശയാസ്പദമായ കടം എന്നിവ തരം തിരിച്ച് കരുതൽ വച്ച് ആഡിറ്റ് പൂർത്തീകരിക്കേണ്ടതുമാണ്. **MSS** ബാലൻസിംഗ് സ്റ്റേറ്റ്മെന്റിന് പുറമേ, **MSS** ബോണസ് സ്റ്റേറ്റ്മെന്റ്, **MSS** അനാമത്ത് സ്റ്റേറ്റ്മെന്റ്, **MSS** സ്റ്റേറ്റ്മെന്റ്, **MSS** അഡ്വാൻസ് സ്റ്റേറ്റ്മെന്റ് എന്നിവ ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തേണ്ടതും ഇപ്രകാരം സമർപ്പിക്കുന്ന ആഡിറ്റ് റിപ്പോർട്ടുകൾ മാത്രമേ അംഗീകരിക്കപ്പെടുന്നുള്ളൂ എന്നും ബന്ധപ്പെട്ട ഉദ്യാഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. MSS ബാലൻസിംഗ് സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ഉൾപ്പെടുത്തുന്നു.

(ഒപ്പ്)

ടി.വി.സുഭാഷ് ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

__പകർപ്പ്__

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ.
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
7. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. സഹകരണ വീഥി
9. വെബ് സൈറ്റ്
10. സ്റ്റോക്ക് ഫയൽ/ സ്പെയർ

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

| MSS STATEMENT AS ON……………. OF MSS NO: ………. (ANNEXURE A) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Sl. No. | Opening | | Receipt | | | Payment | | | | Closing | |
| | Liability | Asset | Cash | Bonus | Total | Cash | Bonus | Commission | Total | Liability | Asset |
| A | B | C | D | E | F | G | H | I | J | K | L |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| 4 | | | | | | | | | | | |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| 10 | | | | | | | | | | | |
| 11 | | | | | | | | | | | |
| 12 | | | | | | | | | | | |
| 13 | | | | | | | | | | | |
| 14 | | | | | | | | | | | |
| 15 | | | | | | | | | | | |
| 16 | | | | | | | | | | | |
| 17 | | | | | | | | | | | |
| 18 | | | | | | | | | | | |
| 19 | | | | | | | | | | | |
| 20 | | | | | | | | | | | |
| Total | | | | | | | | | | | |

**Note : -B+F+L=C+J+K**

**(C+J)-(B+F) =L -K**